"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ.ഫിറോസ് എസ്, സീനിയർ ക്ലർക്കായിരുന്ന ശ്രീമതി ബിനി ആർ. പേഴ്സണൽ അസിസ്റ്റൻറായിരുന്ന ശ്രീ.അനിൽകുമാർ എൻ.ജി എന്നിവർക്ക് എതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണം നടത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി ഡയറക്ടർ (ചീഫ് പ്ളാനിംഗ് ഓഫീസർ) നെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഡി.എ). വകുപ്പ്**

സ.ഉ.(സാധാ) നം.230/2026/GEDN തീയതി,തിരുവനന്തപുരം, 08-01-2026

---

പരാമർശം:- 1. സ.ഉ(സാധാ) നം 9962/2025/പൊ.വി.വ തീയതി 01/12/2025

2. ശ്രീമതി.അനില.ബി.ആർ 17/12/2025 ൽ സമർപ്പിച്ച നിവേദനം

**ഉത്തരവ്**

പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീഫിറോസ്.എസ്, സീനിയർ ക്ലർക്കായിരുന്ന ശ്രീമതി. ബിനി.ആർ, പേഴ്സണൽ അസിസ്റ്റൻറായിരുന്ന ശ്രീ.അനിൽകുമാർ.എൻജി. എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരമുള്ള അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായ ഔപചാരിക അന്വേഷണം നടത്തുന്നതിന് പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2.എന്നാൽ പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറായ ശ്രീമതി അനില ബി.ആർ, 2023-2024 കാലയളവിൽ പത്തനംതിട്ട ഡിഇഒ ആയി സേവനമനുഷ്ഠിച്ചിരുന്നതായും, ഈ കാലയളവിൽ ടിയാൾ കുറ്റാരോപിതരായ പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ഉദ്യോഗസ്ഥരായിരുന്ന ശ്രീ.അനിൽകുമാർ എൻജി., പേഴ്സണൽ അസിസ്റ്റൻറ് ശ്രീ.ഫിറോസ് എസ്., ജൂനിയർ സൂപ്രണ്ട്, ശ്രീമതി ബിനി ആർ. സീനിയർ ക്ലർക്ക് എന്നിവരോടൊപ്പം സേവനമനുഷ്ഠിച്ചിട്ടുള്ളതിനാൽ ടിയാളുകൾക്കെതിരെ താൻ ഔപചാരിക അന്വേഷണം നടത്തുന്നത് ആക്ഷേപങ്ങൾക്കും, പരാതികൾക്കും ഇടവരുത്തും എന്ന് ആശങ്കപ്പെടുന്നതിനാലും, 2025-ലെ തദ്ദേശ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഭാരിച്ച ചുമതല നിർവഹിച്ചുവരുന്നതിനാലും,31/05/2026-ന് താൻ സേവനത്തിൽ നിന്നും വിരമിക്കും എന്നതിനാലും മേൽ വിവരങ്ങൾ അനുകമ്പാപൂർവ്വം പരിഗണിച്ച് തന്നെ അന്വേഷണ ചുമതലയിൽ നിന്നും ഒഴിവാക്കണമെന്ന് പരാമർശം (2) കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീഫിറോസ് എസ്, സീനിയർ

ക്ലർക്കായിരുന്ന ശ്രീമതി ബിനി ആർ, പേഴ്സണൽ അസിസ്റ്റൻറായിരുന്ന ശ്രീ.അനിൽകുമാർ എൻജി. എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരമുള്ള അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായ ഔപചാരിക അന്വേഷണം നടത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി ഡയറക്ടർ (ചീഫ് പ്ളാനിംഗ് ഓഫീസർ)നെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്യുന്നു.

4.അന്വേഷണ ഉദ്യോഗസ്ഥൻ മൂന്ന് ആഴ്ചക്കകം സർക്കാരിൽ റിപ്പോർട്ട് നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിന്ദു ആർ ആർ

ഡെപ്യൂട്ടി സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടർ

ഡെപ്യൂട്ടി ഡയറക്ടർ (ചീഫ് പ്ളാനിംഗ് ഓഫീസർ), പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം (കുറ്റാരോപിതർക്കെതിരായ കുറ്റപത്രം, കുറ്റാരോപണ പത്രിക, പ്രതിവാദ പത്രിക എന്നിവയുടെ പകർപ്പുകൾ സഹിതം )

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ&ഇ), കേരളം, തിരുവനന്തപുരം

ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ (ഫയൽ ഡി.എ1/130/2025/പൊ.വി.വ.)

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
Date: 08-01-2026 17:47:46

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ ക്ക്